**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1958** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഭരണമികവിന്റെ ഭാഗമായി സർക്കാരിന് ലഭിച്ചിട്ടുള്ള അവാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഭരണമികവിന്റെ ഭാഗമായി സർക്കാരിന് ഏതൊക്കെ അവാർഡുകളാണ് ലഭിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (എ) | പുരോഗതി വിലയിരുത്തുന്ന ഏത് മാനദണ്ഡമെടുത്താലും രാജ്യത്ത് മുന്നിൽ നിൽക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കാൻ കഴിഞ്ഞ 6 വർഷത്തിനിടയിൽ കഴിഞ്ഞിട്ടുണ്ട്.<br><br>ഭരണമികവ്, സുസ്ഥിര വികസനം, വിദ്യാഭ്യാസം, ആരോഗ്യം, ദാരിദ്ര്യ നിർമ്മാർജ്ജനം തുടങ്ങി സാമൂഹ്യ ജീവിതത്തിന്റെ ഏത് സൂചികയെടുത്താലും മുന്നിൽ നിൽക്കുന്നതിലൂടെ കേരളം രാജ്യത്തിന് വഴികാട്ടിയാകുകയാണ്.<br><br>നീതി ആയോഗ് മുതൽ വിവിധ സ്വകാര്യ ഏജൻസികൾ വരെ തയ്യാറാക്കുന്ന റിപ്പോർട്ടുകളിൽ കേരളം തുടർച്ചയായി ഒന്നാം സ്ഥാനത്താണ്.<br><br>കോവിഡ് പ്രതിരോധം, ദേശീയ തൊഴിലുറപ്പ് പദ്ധതി, ദേശീയ ആരോഗ്യ ദാത്യം, സമഗ്ര ശിക്ഷാ അഭിയാൻ എന്നിവയിലെല്ലാം കേരളം മുന്നിലാണ്.<br><br>ഏറ്റവും ഒടുവിൽ കേന്ദ്ര സർക്കാരിന്റെ ഭരണപരിഷ്കാര - പൊതു പരാതി വകുപ്പ് തയ്യാറാക്കിയ നാഷണൽ ഇ-ഗവേണൻസ് ഡെലിവറി അസസ്സ്മെന്റ് പ്രകാരം കേരളം രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. ധനകാര്യം, തൊഴിൽ, വിദ്യാഭ്യാസം, തദ്ദേശ ഭരണം, സാമൂഹ്യക്ഷേമം, പരിസ്ഥിതി, ടൂറിസം തുടങ്ങി വിവിധ മേഖലകളിലെ ഇ-ഗവേണൻസ് വഴിയുള്ള പൊതുസേവന നിർവ്വഹണത്തിലെ മികവിനാണ് ഈ അംഗീകാരം.<br><br>വിവര സാങ്കേതിക വിദ്യാ സങ്കേതങ്ങൾ ഉപയോഗിച്ച് സർക്കാർ സേവനങ്ങളുടെ കൂടുതൽ മെച്ചപ്പെട്ട നിർവ്വഹണം സാധ്യമാക്കാൻ കഴിഞ്ഞതുമൂലമാണ് കേരളത്തിന് ഈ നേട്ടം കൈവരിക്കാനായത്. സുതാര്യവും എളുപ്പവും മെച്ചപ്പെട്ടതുമായ സർക്കാർ സേവനങ്ങൾ ജനങ്ങളുടെ അവകാശമാണെന്ന |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ ഉറച്ച നിലപാടിനുള്ള അംഗീകാരം കൂടിയാണ് ഈ പുരസ്കാരം.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 22 വിവിധ ദേശീയ-അന്തർദ്ദശീയ പുരസ്കാരങ്ങളാണ് സംസ്ഥാനത്തിന് ലഭിച്ചത്. ഇവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | പുരസ്കാരങ്ങൾ |
|---|---|
| 1 | നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ കേരളം തുടർച്ചയായി നാലാം തവണയും ഒന്നാം സ്ഥാനം. |
| 2 | 2021 പബ്ലിക് അഫയേഴ്സ് സെന്റർ പ്രസിദ്ധീകരിച്ച പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ വലിയ സംസ്ഥാനങ്ങളിൽ ഏറ്റവും മികച്ച ഭരണം കാഴ്ചവച്ച സംസ്ഥാനമായി കേരളം. |
| 3 | നീതി ആയോഗിന്റെ ദേശീയ മൾട്ടി ഡയമൻഷണൽ ദാരിദ്ര്യ സൂചികയിൽ കുറവ് ദാരിദ്ര്യമുള്ള സംസ്ഥാനം കേരളം. |
| 4 | കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മികവിന്റെ സൂചികയിൽ ഒന്നാം സ്ഥാനം. |
| 5 | അഴിമതി വിമുക്ത പോലീസ് സേവനത്തിൽ കേരളം ഒന്നാമതെന്ന് ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ. |
| 6 | ആരോഗ്യ മേഖലയ്ക്ക് നാഷണൽ ക്വളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്) അംഗീകാരം |
| 7 | കേന്ദ്ര സർക്കാരിന്റെ ആരോഗ്യ മന്ഥൻ 3.0 ൽ രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള പുരസ്കാരം കേരളത്തിന്. |
| 8 | ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കിയ സർക്കാർ ആശുപത്രിക്കുള്ള അവാർഡ് കോട്ടയം സർക്കാർ മെഡിക്കൽ കോളേജിന്. |
| 9 | രാജ്യത്തെ മികച്ച കോവിഡ് വാക്സിനേഷൻ ഡ്രൈവ് കേരളത്തിൽ: ഇന്ത്യ ടുഡേയുടെ ഹെൽത്ത് ഗിരി അവാർഡ് |
| 10 | കേരള ടൂറിസത്തിന് അന്താരാഷ്ട്ര പുരസ്കാരം: അയ്മനം മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമം പദ്ധതിക്ക് വേൾഡ് ട്രാവൽ മാർക്കറ്റ് ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം വൺ ടു വാച്ച് അന്താരാഷ്ട്ര പുരസ്കാരം. |
| 11 | മത്സ്യബന്ധന മേഖലയിലെ ഏറ്റവും മികച്ച അർദ്ധസർക്കാർ സ്ഥാപനമായി മത്സ്യഫെഡിനെ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് തെരഞ്ഞെടുത്തു. |
| 12 | വയോജനപരിപാലനത്തിന് കേന്ദ്ര സർക്കാരിന്റെ വയോ ശ്രേഷ്ഠ പുരസ്കാരം. |
| 13 | കേന്ദ്ര ഭവനനഗരകാര്യ മന്ത്രാലയത്തിന്റെ സിറ്റി വിത്ത് ദി മോസ്റ്റ് സസ്റ്റെയിനബിൾ ട്രാൻസ്പോർട്ട് സിസ്റ്റം അവാർഡ്. |

| | |
|---|---|
| 14 | പ്രമുഖ റേറ്റിംഗ് കമ്പനിയായ ക്രിസിലിന്റെ പട്ടികയിൽ തിരുവനന്തപുരം ടെക്നോപാർക്കിന് എ-പ്ലസ് സ്റ്റേബിൾ എന്ന ഉയർന്ന സ്ഥാനം. |
| 15 | പറമ്പിക്കുളം കടുവ സംരക്ഷണ ഫൗണ്ടേഷന് നാറ്റ് വെസ്റ്റ് ഗ്രൂപ്പ് ഇന്ത്യ (മുൻ ആർ.ബി.എസ് ഇന്ത്യ) 11ാം മത് നാറ്റ് വെസ്റ്റ് എർത്ത് ഗാർഡിയൻ അവാർഡ്. |
| 16 | ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഭക്ഷ്യസുരക്ഷാ സൂചികയിൽ രണ്ടാം സ്ഥാനം. |
| 17 | നീതി ആയോഗ് ആദ്യമായി തയ്യാറാക്കിയ നഗര സുസ്ഥിര വികസന ലക്ഷ്യ സൂചികയിൽ തിരുവനന്തപുരവും കൊച്ചിയും മികച്ച നഗരങ്ങളുടെ പട്ടികയിൽ. |
| 18 | ഇന്ത്യ ടുഡേ ന്യൂസ് മാഗസീനിന്റെ സ്റ്റേറ്റ്സ് സർവ്വേ 2021 ൽ കേരളം ഭാരത്തിലെ മോസ്റ്റ് ഹാപ്പി സ്റ്റേറ്റ് പ്രാഖ്യാപിച്ചു. |
| 19 | പുരപ്പുറ സോളാർ പദ്ധതിയ്ക്ക് EQ International Magazine പുരസ്കാരം. |
| 20 | ദേശീയ ഊർജ്ജ കാര്യക്ഷമതാ സൂചികയിൽ കേരളത്തിന് രണ്ടാം സ്ഥാനം. |
| 21 | ഇ-സഞ്ജീവനി, കാരുണ്യ ബെനവലന്റ് ഫണ്ട് സംരംഭങ്ങൾക്ക് ഗവേർണൻസ് നൗവിന്റെ നാലാമത് ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പുരസ്കാരം. |
| 22 | ക്ഷയരോഗ നിവരണ പ്രവർത്തനങ്ങളിൽ സിൽവർ കാറ്റഗറിയിൽ പുരസ്കാരം. |

സെക്ഷൻ ഓഫീസർ